THE HIGH COURT OF KERALA

Phone:0484-2562465
Fax:0484-2562451

C1-72253/2017

KOCHI-682031
29/11/2017

OFFICIAL MEMORANDUM

Sub: By transfer appointment of Low Paid Employees to the posts of Clerk/L.D.Typist-Fixing of Quota–Regarding.

Ref:1.High Court O.M.No.C1-27247/2000 dated 01/08/2002.

2.G.O(P)No.1/2014/P&ARD dated 03/01/2014.

3.G.O(P)No.21/2014/P&ARD dated 19/07/2014.

4.G.O(P)No.19/2015/P&ARD dated 20/06/2015.

5.High CourtO.M.No.C7-23808/2014/L.Dis dated 11/03/2014.

As per High Court O.M referred 1st it has been directed to make appointment to the post of Clerk following the ratio 1:1 between direct recruitment and by transfer appointment under rule 5(d) of KJMSS Rules excluding 10 % vacancies to be reserved for Compassionate Employment and 10% of vacancies to be reserved for inter district transfer.

As per G.O(P)No.1/2014/P&ARD dated 03/01/2014 referred 2nd it has been ordered that in addition to the existing 10% category change through PSC allowed for Class IV /those employees belonging to the lower categories of the subordinate service of the department, category change be allowed to employees belonging to the Last Grade Service and those employees working in the lower categories with lower time scale than that of the Clerk and LD Typist against 10% of the vacancies arising in the concerned department in the categories of Clerk and LD Typist on the basis of qualification and seniority, subject to the following conditions:-

1.They have completed the probation satisfactorily in the lower post.

2.They have completed 3 years of service in the lower post/posts.

The Government Order referred 2nd was communicated to all the appointing authorities as per the High Court O.M referred 5th. The

instructions issued in the High Court O.M referred first limiting by transfer appointment to 40% of vacancies of Clerks have been superceded by the GO referred 2nd. The orders in the G.O are to be implemented following the instructions issued in the G.Os referred 3rd and 4th. But it has come to notice of the High Court that the same has not been implemented in many districts.

Hence it is brought to the notice of all the appointing authorities that the orders issued in the G.O referred second in the matter of reserving vacancies in the post of Clerks and L.D.Typists are to be complied with by strictly adhering to the guidelines issued in the Government Orders referred 3rd and 4th.

All District Judges and Chief Judicial Magistrates are therefore directed to ensure that excluding 10% vacancies to be reserved for Compassionate Employment and 10% vacancies to be reserved for inter district transfer, the ratio of 1:9 between by transfer appointment and direct recruitment in accordance with the G.O.s referred is observed for appointment to the categories of Clerk and L.D.Typist.

Formal amendments to KJMSS Rules will be issued separately.

Copies of the Government orders referred above are enclosed herewith.

(By order)

Encl:As above

K.Babu
Registrar(Subordinate Judiciary)

To

All District Judges.
All Chief Judicial Magistrates.
C2 and C3 Seats High Court.

Note:Reply, if any, shall be addressed to the Registrar(Subordinate Judiciary) or can also be sent to the fax number shown above.

THE HIGH COURT OF KERALA
09 AUG 2017
ERNAKULAM

18

0072253

## ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ്

സ. ഉ. (പി) 1/2014/ഉ.ഭ.പ.വ. തീയതി, തിരുവനന്തപുരം, 2014 ജനുവരി, 3.

*സംഗ്രഹം:-* ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് — ജീവനക്കാര്യം — വിവിധ സർക്കാർ വകുപ്പുകളിലെ എൽ. ഡി. ക്ലാർക്ക്/എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% അതാതു വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് (സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ഉൾപ്പെടെ) യോഗ്യതയുടേയും, സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നൽകുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. 10-01-1974 -ലെ സ. ഉ. (പി) 11/74/പി.ഡി. ‡

2. 05-04-2010 -ലെ സ. ഉ. (പി) 12/2010/ഉ.ഭ.പ.വ. ¶

3. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 28-11-2013 -ലെ AV(1)21245/2013/GW. നമ്പർ കത്ത്.

### ഉത്തരവ്

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം, പി. എസ്. സി. നടത്തുന്ന മത്സര പരീക്ഷയിൽ 40 ശതമാനത്തിൽ കുറയാതെ മാർക്ക് ലഭിക്കുന്ന സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വരുമാനക്കാരായ ജീവനക്കാർക്കായി, എൽ. ഡി. ടൈപ്പിസ്റ്റ്, എൽ. ഡി. ക്ലാർക്ക്, ടൈപ്പിസ്റ്റ് ക്ലാർക്ക്, കോപ്പിയിസ്റ്റ് എന്നീ ക്ലാസ് III തസ്തികകളിലെ 5% ഒഴിവുകൾ, ബൈട്രാൻസ്ഫർ നിയമനം നൽകുന്നതിനായി സംവരണം ചെയ്തിട്ടുണ്ട്. തുടർന്ന് 2006 -ലെ ശമ്പള പരിഷ്കരണ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ, പരാമർശം രണ്ടിലെ ഉത്തരവ് പ്രകാരം മേൽ പ്രസ്താവിച്ച 5% ക്വാട്ട, 10% ആക്കി ഉയർത്തി നൽകിയിട്ടുണ്ട്.

**2.** പരാമർശിത ഉത്തരവുകൾക്ക് പുറമെ, നിലവിൽ റവന്യൂ, തദ്ദേശ സ്വയംഭരണം, പൊതുഭരണം, ആസൂത്രണ സാമ്പത്തിക കാര്യം, തൊഴിൽ എന്നീ വകുപ്പുകളിൽ നിന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരം ക്ലാസ് IV ജീവനക്കാർക്ക് യോഗ്യതയുടേയും, സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ ക്ലാസ്സ് III തസ്തികകളിലേക്ക് (പബ്ലിക് സർവ്വീസ് കമ്മീഷന്റെ (by transfer appointment വഴിയല്ലാതെ) വകുപ്പു തലത്തിൽ എൽ. ഡി. ക്ലാർക്കായി നിയമനം നൽകി വരുന്നുണ്ട്. ഇത്തരത്തിൽ ഒരേ റാങ്ക്‌ലിസ്റ്റിൽ നിന്ന് നിയമിതരാകുന്ന ജീവനക്കാർക്ക് പല തരത്തിലുള്ള പ്രൊമോഷൻ/ബൈട്രാൻസ്ഫർ സാധ്യതകൾ ഉണ്ടാകുന്നത് വിവേചനപരമാണ് എന്നതിനാൽ ഇക്കാര്യത്തിൽ ഒരു ഏകീകരണം ആവശ്യമാണ് എന്ന് സർക്കാർ കണ്ടെത്തിയതിനെ തുടർന്ന് സർക്കാരിന്റെ എല്ലാ വകുപ്പുകളിലെയും ക്ലാസ് IV ജീവനക്കാർക്കു പുറമെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുള്ള താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടേയും, സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ ക്ലാസ് III തസ്തികകളായ എൽ.ഡി. ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് 10% തസ്തികമാറ്റം നൽകുന്നതിന്മേൽ താൽക്കാലിക തീരുമാനം കൈകൊണ്ട് ആയതിന്മേൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടിയിരുന്നു.

‡ 10-01-1974 -ലെ സ. ഉ. (പി) 11/74/പി.ഡി. ഉത്തരവ് 528 -ാം പേജിൽ കാണുക.

¶ 05-04-2010 -ലെ സ. ഉ. (പി) 12/2010/ഉ.ഭ.പ.വ. ഉത്തരവ് 542 -ാം പേജിൽ കാണുക.

- 3 -



3. വിവിധ വകുപ്പുകളിലെ ക്ലാസ് IV ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ടിട്ടുള്ള താഴ്ന്ന വിഭാഗം ജീവനക്കാർക്കും അതതു വകുപ്പുകളിലെ എൽ. ഡി. സി./എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് 10% വകുപ്പുതലത്തിൽ ബൈട്രാൻസ്ഫർ നിയമനം നൽകുന്നതുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശം കമ്മീഷൻ വിശദമായി പരിശോധിക്കുകയും '10%' എന്നത് '5%' എന്ന ഭേദഗതിയോടെ പ്രസ്തുത നിർദ്ദേശത്തോട് യോജിക്കുവാൻ തീരുമാനിക്കുകയും ചെയ്തതായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരാമർശം 3 മുഖേന സർക്കാരിനെ അറിയിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 05-04-2010 -ലെ സ. ഉ. (പി) 12/2010/ഉ.ഭ.പ.വ. പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന എൽ. ഡി. ക്ലാർക്ക്, എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് അതാത് വകുപ്പുകളിലെ ക്ലാസ് IV/സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർ എന്നിവർക്ക് പി. എസ്. സി. മുഖേന നിലവിൽ അനുവദിച്ചിട്ടുള്ള 10% തസ്തികമാറ്റത്തിന് പുറമെ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും (എൽ. ഡി. ക്ലാർക്ക്, എൽ. ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകളുടെ ശമ്പളത്തേക്കാൾ താഴ്ന്ന ശമ്പളസ്കെയിലിലുള്ളവർ) തസ്തികമാറ്റം വഴി അതാതു വകുപ്പിലെ എൽ. ഡി. ക്ലാർക്ക്, എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലേയ്ക്ക് കൂടി യോഗ്യതയുടേയും, സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം മറികടന്ന്, തസ്തിക മാറ്റം അനുവദിച്ചു നൽകുന്നതിന് താഴെ പറയുന്ന വ്യവസ്ഥകളോടെ ഉത്തരവാകുന്നു.

(i) തസ്തിക മാറ്റം ലഭിക്കുവാനർഹരായ ജീവനക്കാർ താഴ്ന്ന തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ചിരിക്കണം.

(ii) ടി ജീവനക്കാർ താഴ്ന്ന തസ്തികയിൽ/തസ്തികകളിൽ 3 വർഷം സേവനം പൂർത്തീകരിച്ചിരിക്കണം.

5. എൽ. ഡി. ക്ലാർക്ക്/എൽ. ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് സീനിയോറിറ്റിയുടേയും, യോഗ്യതയുടേയും അടിസ്ഥാനത്തിൽ ഏതെങ്കിലും വകുപ്പിൽ 10 ശതമാനത്തിലധികം വകുപ്പുതല ബൈട്രാൻസ്ഫർ നിയമനത്തിന് സ്പെഷ്യൽ റൂൾ പ്രകാരമോ എക്സിക്യൂട്ടീവ് ഉത്തരവു പ്രകാരമോ നിലവിൽ വ്യവസ്ഥയുണ്ടെങ്കിൽ ടി നിയമനം 10 ശതമാനമായി അതാതു ഭരണ വകുപ്പുകൾ നിജപ്പെടുത്തേണ്ടതും സ്പെഷ്യൽ റൂളിൽ അടിയന്തിരമായി ആവശ്യമായ ഭേദഗതി വരുത്തേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഇ. കെ. ഭരത് ഭൂഷൺ,
ചീഫ് സെക്രട്ടറി.

19

**PERSONNEL & ADMINISTRATIVE REFORMS (ADVICE — C) DEPARTMENT**

**G.O.(P)7/2014/P&ARD. Dated, Thiruvananthapuram, 28th February, 2014.**

***Abstract.-*** Public Services — Amendment to G.O.(P)No.11/74/PD. dated 10-01-1974 — Orders issued.

കേരള സർക്കാർ

സംഗ്രഹം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് —ജീവനക്കാര്യം— 03.01.2014 ലെ സ.ഉ. (പി) 1/14/ഉ.ഭ.പ.വ. ഉത്തരവിന് സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്

സ.ഉ.(പി) നം. 21/2014/ഉ.ഭ.പ.വ. തിരുവനന്തപുരം, തീയതി 19.07.2014

---

പരാമർശം:— സ.ഉ. (പി) നം. 1/2014/ഉ.ഭ.പ.വ. തീയതി 03.01.2014.

## ഉത്തരവ്

വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി.ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനത്തിലേക്ക് അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടേയും, സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ തസ്തിക മാറ്റം വഴി നിയമനം നൽകുന്നത് സംബന്ധിച്ച് പരാമർശം 1 പ്രകാരം, സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചതിനെ തുടർന്ന് ഇക്കാര്യത്തിന്മേൽ നിരവധി സംശയങ്ങൾ വിവിധ തലങ്ങളിൽ നിന്നും ഉയർന്ന് വന്ന സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1 ലെ ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് താഴെ പറയുന്ന സ്പഷ്ടീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. എല്ലാ നിയമനാധികാരികളും അതാത് വകുപ്പിലെ ജില്ലാതലത്തിലുള്ള എൽ.ഡി.സി/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളുടെ cadre strength നിജപ്പെടുത്തി ഉത്തരവായതിനു ശേഷം മാത്രമേ 03.01.2014 - ലെ സ.ഉ. (പി) 1/14/ഉ.ഭ.പ.വ. നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ നടപ്പിലാക്കാൻ പാടുള്ളൂ.

ii. 03.01.2014 - ലെ സ.ഉ. (പി) 1/2014/ഉ.ഭ.പ.വ. ഉത്തരവ് പ്രകാരമുള്ള നിയമനങ്ങൾ ജില്ലാതലത്തിലാണ് നടത്തേണ്ടത്.

iii. തസ്തികമാറ്റ നിയമനത്തിനായുള്ള സീനിയോറിറ്റി ജില്ലാതലത്തിലുള്ള entry cadre - ലെ സംയോജിത സീനിയോറിറ്റി ലിസ്റ്റിന്റെ (പാർട്ട് ടൈം തസ്തികകൾ ഒഴികെ) അടിസ്ഥാനത്തിലാണ് പരിഗണിക്കേണ്ടത്.

iv. ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ നിയമിക്കപ്പെടുന്നവർക്ക് സീനിയോറിറ്റിയും നിയമനാർഹതയും അവരുടെ ഓപ്റ്റഡ് ജില്ലയിലായിരിക്കും.

v. ജില്ലാതല ഓഫീസുകളില്ലാത്ത വകുപ്പുകളിൽ Regional office ഉണ്ടെങ്കിൽ അതാത് റീജിയണൽ ഓഫീസിന്റെ പരിധിയിലുള്ള ജില്ലകളിലെ ഫീഡർ കാറ്റഗറികളുടെ സംയോജിത seniority ആണ് കണക്കാക്കേണ്ടത്.

vi. നിലവിൽ എൽ.ഡി.സി/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്നതും റിപ്പോർട്ട് ചെയ്യാത്തതും ആയ ഒഴിവുകളിൽ ആദ്യത്തെ ഒഴിവ് 03.01.2014 - ലെ സ.ഉ. (പി) 1/14/ഉ.ഭ.പ.വ. പ്രകാരമുള്ള തസ്തികമാറ്റം വഴിയുള്ള വകുപ്പു തല നിയമനത്തിനായി മാറ്റിവയ്ക്കേണ്ടതും തുടർന്നുള്ള 9 ഒഴിവുകൾ (നിയമാനുസൃതം ആശ്രിത നിയമനം, അന്തർജില്ലാ സ്ഥലം മാറ്റം തുടങ്ങിയവക്ക് നീക്കിവക്കേണ്ട ഒഴിവുകൾ ഒഴികെ)പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

vii. LDC/LD Typist തസ്തികകളുടെ എല്ലാ ഒഴിവുകളും പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്ത് കഴിഞ്ഞ വകുപ്പുകളിൽ ടി തസ്തികകളിൽ ആദ്യം ഉണ്ടാകുന്ന ഒഴിവ് തസ്തികമാറ്റത്തിനായി നീക്കി വയ്ക്കേണ്ടതും തുടർന്ന് ഉണ്ടാകുന്ന 9 ഒഴിവുകൾ (നിയമാനുസൃതം ആശ്രിത നിയമനം, അന്തർജില്ലാ സ്ഥലം മാറ്റം തുടങ്ങിയവക്ക് നീക്കിവക്കേണ്ട ഒഴിവുകൾ ഒഴികെ) പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

viii. ഈ പ്രക്രിയ ഓരോ വകുപ്പിലെയും എൽ.ഡി.സി/എൽ.ഡി. ടൈപ്പിസ്റ്റിന്റെ cadre strength ന്റെ 10 ശതമാനത്തിൽ ഇപ്രകാരമുള്ള തസ്തികമാറ്റ നിയമനം എത്തിച്ചേരുന്നത് വരെ തുടരേണ്ടതും തുടർന്ന് cadre strength ന്റെ 10

ശതമാനത്തിൽ ടി നിയമനങ്ങൾ നിജപ്പെടുത്തേണ്ടതുമാണ്. ഒരു സാഹചര്യത്തിലും പ്രസ്തുത നിയമനം cadre strength ന്റെ 10 ശതമാനം അധികരിക്കാൻ പാടുള്ളതല്ല.

3) ഈ സ്പഷ്ടീകരണ ഉത്തരവിനു മുമ്പായി 03.01.2014 ലെ ഉത്തരവ് പ്രകാരം തസ്തികമാറ്റ നിയമനം നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത നിയമനങ്ങൾ ഈ സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിൽ ക്രമപ്പെടുത്തേണ്ടതാണ്.

4) ഈ ഉത്തരവിന് 03.01.2014 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

5) 03.01.2014 ലെ ഉത്തരവ് പ്രകാരം തസ്തിക മാറ്റ നിയമനം നൽകിയ വകുപ്പുകൾ ഉൾപ്പെടെ എല്ലാ ബന്ധപ്പെട്ട വകുപ്പുകളും ഇക്കാര്യത്തിന്മേൽ അതാത് സ്പെഷ്യൽ റൂൾസിൽ അടിയന്തിരമായി ഭേദഗതി വരുത്തേണ്ടതാണെന്നും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

കെ. അജയകുമാർ
സെക്രട്ടറി

എല്ലാവകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/
എല്ലാ ജില്ലാകളക്ടർമാർക്കും

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/
സെക്ഷനുകൾക്കും

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/ അഡീഷണൽ
സെക്രട്ടറിമാർക്കും/ ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/
അണ്ടർ സെക്രട്ടറിമാർക്കും

ഗവർണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം)

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)

അഡ്വക്കേറ്റ് ജനറൽ, എറണാകുളം/ തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, (ആമുഖ കത്ത് സഹിതം)

കേരള നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/ ഡെപ്യൂട്ടി സ്പീക്കറുടെ
പ്രൈവറ്റ് സെക്രട്ടറിക്ക്

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/എല്ലാ മന്ത്രിമാരുടെയും
പ്രൈവറ്റ് സെക്രട്ടറിമാർക്കും

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്

വിവരപൊതുജനസമ്പർക്ക (Web & New media) വകുപ്പ് (പ്രചാരണത്തിന്)

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡ്വൈസ്-എ,ബി,സി) വകുപ്പുകൾ

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

## 21

### ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്

സ. ഉ. (പി) 19/2015/ഉഭപവ. തീയതി, തിരുവനന്തപുരം, 2015 ജൂൺ, 20.

*സംഗ്രഹം.-* ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് — ജീവനക്കാര്യം താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നുള്ള തസ്തികമാറ്റ നിയമനത്തിന് എൽ. ഡി. ക്ലാർക്ക്/ എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ഏതെങ്കിലും ഒന്നിന് മാത്രം ജില്ലാടിസ്ഥാനത്തിൽ തസ്തികമാറ്റം അനുവദിക്കാൻ മതിയായ അംഗ ബലമുണ്ടായിരിക്കുകയും മറ്റേ തസ്തികയ്ക്ക് ആയതിന് മതിയായ അംഗബലമില്ലാതിരിക്കുകയും ചെയ്യുന്ന വകുപ്പുകളിൽ രണ്ട് തസ്തി കകളിലേക്കും തസ്തികമാറ്റം അനുവദിക്കുന്ന കാര്യത്തിൽ വ്യക്തത വരുത്തിയും സംസ്ഥാന തലത്തിൽ സീനിയോറിറ്റി കണക്കാക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകിയും — ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം.- 1. 03-01-2014 -ലെ സ. ഉ. (പി) 1/2014/ഉഭപവ. ‡

2. 19-07-2014 -ലെ സ. ഉ. (പി) 21/2014/ഉഭപവ. ¶

3. 28-05-2015 -ലെ സ. ഉ. (പി) 16/2015/ഉഭപവ. †

### ഉത്തരവ്

വിവിധ സർക്കാർ വകുപ്പുകളിലെ എൽ. ഡി. ക്ലാർക്ക്, എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനത്തിലേക്ക് അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും (എൽ. ഡി. ക്ലാർക്ക്, എൽ. ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകളുടെ ശമ്പളത്തേക്കാൾ താഴ്ന്ന ശമ്പളസ്കെയിലിലുള്ളവർ) യോഗ്യതയുടേയും, entry cadre ലെ സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ അതാത് വകുപ്പുകളിലെ എൽ. ഡി. ക്ലാർക്ക്, എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് പരാമർശം 1 പ്രകാരവും പ്രസ്തുത ഉത്തരവിന്റെ പ്രയോഗ രീതി വ്യക്തമാക്കി പരാമർശം 2 പ്രകാരവും സർക്കാർ ഉത്തരവ് പറുപ്പെടുവിച്ചിട്ടുണ്ട്.

**2.** ഇപ്രകാരം ജില്ലാതലത്തിൽ 10% തസ്തികകൾ തസ്തികമാറ്റ നിയമനത്തിനായി മാറ്റി വയ്ക്കുവാൻ കഴിയാത്ത വകുപ്പുകളിൽ സംസ്ഥാനതലത്തിലുള്ള എൽ. ഡി. ക്ലാർക്ക്, എൽ. ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകളുടെ അംഗബലം കണക്കാക്കി അതിന്റെ 10% തസ്തികമാറ്റ നിയമനത്തിനായി നീക്കിവയ്ക്കണമെന്ന ആവശ്യം പരിഗണിച്ചു കൊണ്ട് എല്ലാ ജില്ലാ/മേഖലാ തലങ്ങളിലും എൽ. ഡി. ക്ലാർക്ക്/എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളുടെ അംഗബലത്തിന്റെ 10% നീക്കി വയ്ക്കാൻ ഏതെങ്കിലും വകുപ്പുകളിൽ സാധിക്കുന്നില്ലെങ്കിൽ ടി വകുപ്പുകളിൽ ടി തസ്തികകളിൽ സംസ്ഥാന തലത്തി

---

‡ 03-01-2014 -ലെ സ. ഉ. (പി) 1/2014/ഉഭപവ. ഉത്തരവ് 544 -ാം പേജിൽ കാണുക.

¶ 19-07-2014 -ലെ സ. ഉ. (പി) 21/2014/ഉഭപവ. ഉത്തരവ് 911 -ാം പേജിൽ കാണുക.

† 28-05-2015 -ലെ സ. ഉ. (പി) 16/2015/ഉഭപവ. ഉത്തരവ് 547 -ാം പേജിൽ കാണുക.

ലുണ്ടാകുന്ന ആകെ ഒഴിവുകളുടെ 10 ശതമാനം തസ്തിക മാറ്റ നിയമനത്തിനായി മാറ്റി വയ്ക്കാനും ഓരോ വകുപ്പിലേയും എൽ. ഡി. ക്ലാർക്ക്/എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളുടെ സംസ്ഥാന തലത്തിലുള്ള അംഗബലത്തിന്റെ 10 ശതമാനത്തിൽ ഇപ്രകാരമുള്ള തസ്തികമാറ്റ നിയമനം എത്തിച്ചേരുന്നതുവരെ തുടരാനും നിർദ്ദേശം നൽകി പരാമർശം 3 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**3.** എന്നാൽ അധിക പ്രൊമോഷൻ സാദ്ധ്യത കണക്കാക്കി എല്ലാ ജില്ലകളിലും ജില്ലാടിസ്ഥാനത്തിൽ തന്നെ തസ്തികമാറ്റം നൽകുന്നതിന് പര്യാപ്തമായ അംഗബലമുള്ള ചില വകുപ്പുകളും തസ്തികമാറ്റത്തിന് സംസ്ഥാനാടിസ്ഥാനത്തിൽ സീനിയോറിറ്റി കണക്കാക്കാൻ അപേക്ഷിച്ചിട്ടുള്ളതായി കാണുന്ന സാഹചര്യത്തിലും എൽ. ഡി. ക്ലാർക്ക്/എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ഏതെങ്കിലും ഒന്നിന് മാത്രം ജില്ലാടിസ്ഥാനത്തിൽ തസ്തികമാറ്റം അനുവദിക്കാൻ മതിയായ അംഗബലമുണ്ടായിരിക്കുകയും മറ്റേ തസ്തികയ്ക്ക് ആയതിന് മതിയായ അംഗബലമില്ലാതിരിക്കുകയും ചെയ്യുന്ന വകുപ്പുകളിൽ രണ്ട് തസ്തികകളിലേക്കും തസ്തികമാറ്റം അനുവദിക്കുന്ന കാര്യത്തിൽ വ്യക്തതവരുത്തേണ്ടതുള്ളതായി ബോദ്ധ്യപ്പെട്ട സാഹചര്യത്തിലും ഇക്കാര്യങ്ങളിൽ വ്യക്തത വരുത്തി ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

(i) എൽ. ഡി. ക്ലാർക്ക്/എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നേരിട്ടുള്ള നിയമനം നടത്തുന്നത് ജില്ലാടിസ്ഥാനത്തിലായതിനാൽ മേൽ തസ്തികകളിൽ ജില്ലാടിസ്ഥാനത്തിൽ നിയമനം നൽകാൻ മതിയായ അംഗബലമുള്ള വകുപ്പുകൾ ഒരു കാരണവശാലും സംസ്ഥാനാടിസ്ഥാനത്തിൽ തസ്തികമാറ്റം അനുവദിക്കാൻ പാടുള്ളതല്ല.

(ii) മിനിസ്റ്റീരിയൽ വിഭാഗത്തിലെ എൻട്രി കേഡറിനു മുകളിലുള്ള തസ്തികകളിലേക്കുള്ള പ്രൊമോഷനുകൾ സംസ്ഥാന തല സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നടത്തുന്ന വകുപ്പുകളിലും എൻട്രി കേഡറുകളിലേക്ക് (എൽ. ഡി. ക്ലാർക്ക്/എൽ. ഡി. ടൈപ്പിസ്റ്റ്) ജില്ലാടിസ്ഥാനത്തിൽ തസ്തികമാറ്റ നിയമനം എല്ലാ ജില്ലകളിലും/മേഖലകളിലും നൽകാൻ ആവശ്യമുള്ള അംഗബലമുണ്ടെങ്കിൽ ടി വകുപ്പുകളിലേക്ക് ജില്ല/മേഖലാടിസ്ഥാനത്തിൽ തന്നെ തസ്തികമാറ്റം അനുവദിക്കേണ്ടതാണ്.

(iii) എൽ. ഡി. ക്ലാർക്ക്/എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ഏതെങ്കിലും ഒന്നിന് മാത്രം ജില്ല/മേഖലാടിസ്ഥാനത്തിൽ തസ്തികമാറ്റം അനുവദിക്കുന്നതിന് മതിയായ അംഗബലം എല്ലാ ജില്ലകളിലും/മേഖലകളിലും ഉണ്ടായിരിക്കുകയും മറ്റേ തസ്തികയ്ക്ക് അപ്രകാരം മതിയായ അംഗബലം ഇല്ലാതിരിക്കുകയും ചെയ്യുന്ന വകുപ്പുകളിൽ മതിയായ അംഗബലം ഉള്ള തസ്തികയ്ക്ക് ജില്ല/മേഖലാടിസ്ഥാനത്തിൽ തന്നെ തസ്തികമാറ്റം അനുവദിക്കേണ്ടതാണ്. ജില്ല/മേഖലാതലത്തിൽ തസ്തികമാറ്റം എല്ലാ ജില്ലകളിലും അനുവദിക്കാൻ പര്യാപ്തമായ അംഗബലമില്ലാത്ത തസ്തികയ്ക്ക് മാത്രമേ സംസ്ഥാനാടിസ്ഥാനത്തിൽ തസ്തികമാറ്റം അനുവദിക്കേണ്ടതുള്ളൂ.

— 13 —



(iv) 28-05-2015 -ലെ സ. ഉ. (പി) 16/2015/ഉഭപവ. ഉത്തരവിലെ ഖണ്ഡിക 5 പ്രകാരം ടി തീയതിയ്ക്ക് മുമ്പ് ജില്ല/മേഖലാടിസ്ഥാനത്തിൽ തസ്തികമാറ്റം അനുവദിച്ചിട്ടുള്ള ആരുടേയെങ്കിലും സീനിയർ സംസ്ഥാനാടിസ്ഥാനത്തിൽ നിയമനം നേടി ടിയാന്റെ നിയമനയൂണിറ്റിൽ ടിയാന്റെ ജൂനിയറായി വരുന്ന പക്ഷം അയാളെ ടി നിയമനയൂണിറ്റിലും ടിയാന്റെ സീനിയറായി കണക്കാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളത് ജില്ല/മേഖലാടിസ്ഥാനത്തിൽ നിയമനം ലഭിച്ച ജൂനിയറിന് തൊട്ടു താഴെ സംസ്ഥാനാടിസ്ഥാനത്തിൽ നിയമനം ലഭിച്ച സീനിയർ വരുന്ന സാഹചര്യത്തിൽ മാത്രം നടപ്പാക്കാൻ വേണ്ടിയാണ്. എന്നാൽ ജില്ല/മേഖലാടിസ്ഥാനത്തിൽ നിയമനം ലഭിച്ച വ്യക്തിയുടെ താഴെയായും സംസ്ഥാനാടിസ്ഥാനത്തിൽ നിയമനം ലഭിച്ച സീനിയറുടെ മുകളിലായും പി. എസ്. സി. മുഖേനയോ മറ്റേതെങ്കിലും വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെയോ ആരെങ്കിലും നിയമനം നേടി കഴിഞ്ഞിട്ടുണ്ടെങ്കിൽ † 28-05-2015 -ലെ സ. ഉ. (പി) 16/2015/ഉഭപവ. ഉത്തരവിലെ ഖണ്ഡിക 5 പ്രകാരമുള്ള നിബന്ധന അവരുടെ കാര്യത്തിൽ ബാധകമാക്കേണ്ടതില്ല. അത്തരം സാഹചര്യങ്ങളിൽ ജില്ലാടിസ്ഥാനത്തിലും സംസ്ഥാനാടിസ്ഥാനത്തിലും തസ്തികമാറ്റം ലഭിച്ച വ്യക്തികൾക്ക് അപ്രകാരം നിയമനം ലഭിച്ച ഉത്തരവിന്റെ തീയതി മുതൽക്കുള്ള സീനിയോറിറ്റിക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ. അജയകുമാർ,
സെക്രട്ടറി (ഇൻ ചാർജ്ജ്).

† 28-05-2015 -ലെ സ. ഉ. (പി) 16/2015/ഉഭപവ. ഉത്തരവ് 547 -ാം പേജിൽ കാണുക.